"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ്

നം. 2325886/എസ്.എഫ്.സി.ബി2/23/ധന. 23-01-2023,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി
ധനകാര്യ വകുപ്പ്.

പഞ്ചായത്ത് ഡയറക്ടർ
ഡി ബി റ്റി സെൽ, പഞ്ചായത്ത് ഡയറക്ടറേറ്റ്.
സ്വരാജ് ഭവൻ, കവടിയാർ, തിരുവനന്തപുരം.

നഗരകാര്യ വകുപ്പ് ഡയറക്ടർ
സ്വരാജ് ഭവൻ, കവടിയാർ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
വിവിധ ക്ഷേമനിധി ബോർഡുകൾ

സർ,

വിഷയം:- ധനകാര്യ വകുപ്പ്- ഹോം മസ്റ്ററിംഗിനായി അപേക്ഷ നൽകിയിരുന്നവർ മസ്റ്ററിംഗ് പൂർത്തിയാക്കുന്നത്-സംബന്ധിച്ച്.

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്കായി നടത്തിയ മസ്റ്ററിംഗിൽ, ഹോം മസ്റ്ററിംഗിനായി അപേക്ഷ നൽകിയിരുന്നവരിൽ ബയോമെട്രിക് മസ്റ്ററിംഗ് ഇതുവരെ പൂർത്തിയാക്കാത്തതും നിലവിൽ പെൻഷൻ ലഭിക്കുന്നവരുമായ ഗുണഭോക്താക്കൾ ഉണ്ടെന്ന വിവരം ഇൻഫർമേഷൻ കേരള മിഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹോം മസ്റ്ററിംഗിനായി അപേക്ഷ നൽകിയിരുന്നവരിൽ ബയോമെട്രിക് മസ്റ്ററിംഗ് ഇതുവരെ പൂർത്തിയാക്കാത്തതും നിലവിൽ പെൻഷൻ ലഭിക്കുന്നവരുമായ ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ബയോമെട്രിക് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് 2023 ഫെബ്രുവരി 20 വരെ സമയം അനുവദിക്കുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ ബയോമെട്രിക് മസ്റ്ററിംഗ് പൂർത്തിയാക്കാത്തവരുടെ പെൻഷൻ തടയപ്പെടുന്നതുമാണ്. തുടർന്ന് എല്ലാ മാസവും മസ്റ്ററിംഗിനായി സമയം അനുവദിച്ചിട്ടുള്ള 1 മുതൽ 20 വരെ തീയതികളിൽ ( പെൻഷൻ ബിൽ പ്രോസസ്സിംഗിനായി സേവന സൈറ്റ് ക്ലോസ്സ ചെയ്യുന്നതിനു മുൻപുള്ള കാലയളവ്) ബയോമെട്രിക് മസ്റ്ററിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് പെൻഷൻ പുനസ്ഥാപിച്ച നൽകുന്നതുമാണ്.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ/ കിടപ്പുരോഗികൾ/ പ്രായാധിക്യത്താൽ

അക്ഷയയിൽ എത്താൻ കഴിയാത്തവർ എന്നിങ്ങനെയുള്ള ഗുണഭോക്താക്കളാണ് ഹോം മസ്റ്ററിംഗിനായി അപേക്ഷ സമർപ്പിച്ചിരുന്നതെന്നതിനാൽ, സേവന സോഫ്റ്റ്വെയർ മുഖേന പ്രാദേശിക സർക്കാരുകളുടെ/ ക്ഷേമനിധി ബോർഡുകളുടെ ലോഗ്-ഇൻ-ൽ ലഭ്യമായ ഡാറ്റാ പരിശോധിച്ച് മേൽ പ്രകാരം ഇനിയും മസ്റ്ററിംഗ് പൂർത്തിയാക്കാനുള്ള ഗുണഭോക്താക്കളെ കണ്ടെത്തി ബയോമെട്രിക് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
പ്രതീപ് കുമാർ.ബി
ജോയിന്റ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

പകർപ്പ്: എക്സി. ഡയറക്ടർ, ഐ.കെ.എം

അംഗീകാരത്തോടെ

Hajilonil

സെക്ഷൻ ഓഫീസർ.